(ഡി) ഇത്തരം ഭക്ഷ്യ വസ്തുക്കൾ അതിർത്തി കടന്ന് വരുന്നില്ലെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. പാലിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല.

(ബി) ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസഡ്യൂടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ വിപണികളിൽനിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധിച്ച ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിക്കാത്ത നിരവധി കീടനാശിനികളുടെ സാന്നിധ്യമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ, പാൽ എന്നിവ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക്പോസ്റ്റുകൾ ഉള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകാറുള്ളതും അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്.

ആന്റി റാബീസ് വാക്സിൻ

14 (703) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ ആശുപത്രികളിൽ ആന്റി - റാബീസ് വാക്സിനുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന വാർഷിക indent സംസ്ഥാന തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷമാണ് എത്ര ആന്റിറാബീസ് വാക്സിൻ ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കണമെന്ന് തീരുമാനിക്കുന്നത്. ആന്റിറാബീസ് വാക്സിന്റെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഇപ്പോൾ എല്ലാ ജില്ലാ ആശുപത്രികളിലും ആന്റിറാബീസ് വാക്സിൻ ലഭ്യമാണ്.

എയർ ആംബുലൻസ് സർവ്വീസ്

15 (704) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടത്തുവാനുമായി താത്പര്യമുള്ള വ്യക്തികൾ, കമ്പനികൾ അല്ലെങ്കിൽ കൂട്ടായ്മയിൽനിന്നും എയർ ആംബുലൻസ് സർവ്വീസ് നടത്തുവാനായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13-8-2015-ൽ പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ പങ്കിനെക്കുറിച്ചുള്ള വിശദ വിവരണം ഉൾപ്പെടെ ആവശ്യപ്പെട്ടു കൊണ്ട് താത്പര്യപത്രം ക്ഷണിക്കുകയും തത്ഫലമായി 7 കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. G.O.(Rt) No. 3289/2015/H&FWD dated, 18-10-2015 പ്രകാരം 7 അംഗ കമ്മിറ്റിയെ ഈ താത്പര്യ പത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണയിക്കുവാനുമായി ഉത്തരവായിട്ടുണ്ട്. G.O.(MS)

LIBRARY ARCHIVES Kerala Legislative Assembly